**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1368** **02-03-2017 ൽ മറുപടിക്ക്**

**സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള സർക്കാർ ഭൂമികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം<br>ഡോ.എം.കെ.മുനീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.മമ്മൂട്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വിവിധതരം സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് സഹായകമായി ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനോ പതിച്ചോ നൽകിയിട്ടുള്ള സർക്കാർ ഭൂമികളിൽ വ്യവസ്ഥാ ലംഘനം ഉണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള സംവിധാനം എന്താണ് ; വിശദമാക്കുമോ | (എ) & (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ പരിശോധനാ ഫലമായി സ്വാതന്ത്ര്യാനന്തരം ജനകീയ സർക്കാർ പാട്ടത്തിനോ പതിച്ചോ നൽകിയ ഭൂമികളിൽ വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തിയതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | |
| (സി) പൊതു ആവശ്യങ്ങൾക്ക് മതിയായത്ര സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ പാട്ട ഭൂമി പതിവ് വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്നതിനും അത്തരം ഭൂമി തിരിച്ചെടുക്കുന്നതിനും ഉദ്യോഗസ്ഥരും ജന പ്രതിനിധികളും നിയമജ്ഞരും അടങ്ങുന്ന ഒരു ഉന്നത സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (സി) പാട്ടഭൂമി പതിവ് വ്യവസ്ഥാലംഘനങ്ങൾ കണ്ടെത്തുന്നതിനും അതതു ഭൂമി തിരിച്ചു പിടിക്കുന്നതിനുമായി ഓരോ കേസും പ്രത്യേകം പരിശോധിച്ച് സമർപ്പിക്കുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി , നിയമ വകുപ്പ സെക്രട്ടറി ലാന്റ് റവന്യൂ കമ്മീഷണർ , ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ എന്നിവരെ ഉൾപ്പെടുത്തി 18/02/2017 ലെ സ.ഉ (MS) നം.55/2017/RD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**